ഇസ്താക്കിന്റെ മികവുറ്റ പ്രസിദ്ധീകരണം

ഡോ. സ്കറിയ സക്കറിയ

പ്രൊഫ. ഐ. ഇസ്താക്കിനെ സഹപാഠി, സഹപ്രവർത്തകൻ എന്നീ നിലകളിൽ ഓർമിക്കാൻ എനിക്ക് ഭാഗ്യമുണ്ടായി. 1967-ൽ ചങ്ങനാശേരി സെന്റ് ബർക്ക്മാൻസ് കോളേജിൽ എം.എ. മലയാളം ക്ലാസിലാണ് ഞങ്ങൾ കണ്ടുമുട്ടിയത്. ആലപ്പുഴ എസ്.ഡി. കോളേജിൽ ഗണിതശാസ്ത്രത്തിന്റെ ബിരുദപഠനം പൂർത്തിയാക്കിയിട്ടാണ് എന്റെ സ്നേഹിതൻ എസ്.ബി. കോളജിലേക്കെത്തിയത്. ഫിസിക്സിൽ ബിരുദമെടുത്തശേഷമാണ് ഞാൻ എം. എ. മലയാളം ക്ലാസിൽ ചേർന്നത്. ആ നിലയ്ക്ക് ഞങ്ങൾ തമ്മിൽ ഒരു ചേർച്ച ഉണ്ടായിരുന്നു. പക്ഷേ, സാഹിത്യം, സംസ്കൃതം തുടങ്ങിയവയുടെ കാര്യത്തിൽ ബഹുദൂരം മുന്നിലായിരുന്നു ഇസ്താക്ക്. എസ്.ഡി. കോളേജിലെ രാമവർമ്മത്തമ്പുരാനിൽ നിന്നും ആലപ്പുഴയിലെ സാഹിത്യസദസുകളിൽനിന്നും നേടിയെടുത്തിരുന്ന അറിവുകൾ ഞങ്ങൾ ക്ലാസ്മുറിയിൽ തിരിച്ചറിഞ്ഞു. ഏതു വിഷയത്തെക്കുറിച്ചുള്ള ചർച്ചായോഗത്തിലും പൂർവപക്ഷങ്ങൾ ഉന്നയിക്കാൻ വേണ്ട പഠിപ്പും തന്റേടവും ഇസ്താക്കിനുണ്ടായിരുന്നു. ജീവിതാവസാനം വരെ ഈ ഗുണവിശേഷങ്ങൾ അദ്ദേഹത്തിൽ തെളിഞ്ഞു നിന്നിരുന്നുവെന്ന് വിദ്യാർത്ഥികൾക്കും സുഹൃത്തുക്കൾക്കും അറിയാം.

ഞങ്ങൾ എം.എയ്ക്ക് ചേർന്ന കാലത്ത് ഇരുപതോളം വിദ്യാർത്ഥികൾ എം.എ. ക്ലാസിൽ ഉണ്ടായിരുന്നു. മലയാളത്തിൽ കൂടുതൽ കുട്ടികളെ ചേർക്കാൻ ഉലഹന്നാൻ മാപ്പിള സാറും പ്രിൻസിപ്പാൾ കാളാശ്ശേരി അച്ചനും വലിയ ഉത്സാഹം കാട്ടി. തുടർന്നുള്ള വർഷങ്ങളിൽ അംഗബലം വർദ്ധിച്ചു. രണ്ടും മൂന്നും കുട്ടികളുമായി എം.എ ക്ലാസ് നടത്തിയിരുന്ന ക്ഷാമകാലം അവസാനിച്ചു. അത്തരം വളർച്ചയുടെ നാളുകളിൽ എസ്.ബി. കോളേജ് സന്ദർശിക്കുന്ന പ്രൊഫസർമാരും സാഹിത്യകാരന്മാരും കോളേജിലെ സാഹിത്യപഠനത്തെക്കുറിച്ചുള്ള സദ്വാർത്തകൾ പ്രചരിപ്പിച്ചു. 1965 ജനുവരിയിൽ ചങ്ങനാശ്ശേരിയിൽ നിന്നു പ്രസിദ്ധീകരണമാരംഭിച്ച കേരള ഡൈജസ്റ്റ്

എസ്.ബി. കോളേജ് മലയാളവിഭാഗത്തിന്റെ യശസ് ഉയർത്തുന്നതിൽ സാര മായ പങ്കുവഹിച്ചു. മഹാപണ്ഡിതനും എസ്.ബി കോളജിലെ അധ്യാപക നുമായിരുന്ന പ്രൊഫ. കെ.വി. രാമചന്ദ്രപൈയായിരുന്നു കേരള ഡൈജ സ്റ്റിന്റെ ചീഫ് എഡിറ്റർ. അന്നത്തെ നിലയിൽ കേരള ഡൈജസ്റ്റ് പോലെ യുള്ള സാംസ്കാരിക പ്രസിദ്ധീകരണത്തിന്റെ സാമീപ്യവും സമ്പർക്കവും ഞങ്ങൾക്ക് ആവേശം പകർന്നു. ഇങ്ങനെ കാര്യങ്ങൾ ഉഷാറായ ഒരു ഘട്ടത്തിലാണ് ഞങ്ങൾ വിദ്യാർത്ഥികളായി എം.എ. ക്ലാസിൽ ചേർന്ന് പഠി ച്ചത്. ആഹ്ലാദപ്രദമായിരുന്നു ക്ലാസ്മുറി. സാഹിത്യചർച്ചകൾ സജീവമായി രുന്നു. ഖസാക്കിന്റെ ഇതിഹാസം പോലെയുള്ള ഒരു കൃതിയുടെ ആവിർഭാവം സാഹിത്യവിചാരത്തിലും ഭാവുകത്വത്തിലും ഭൂകമ്പങ്ങൾ സൃഷ്ടിച്ചു. ക്ലാസ് മുറിയിലും അതിന്റെ മാറ്റൊലി ഉണ്ടായി. 1969-ൽ ഞങ്ങൾ എം.എ. പരീക്ഷ പാസായി. ഒന്നാം ക്ലാസോടുകൂടി പാസായ ഞങ്ങളിരുവരെയും എസ്.ബി. കോളേജിൽ ലക്ചറർ തസ്തികയിൽ നിയമിച്ചു. അതൊരു അസാധാരണ ഭാഗ്യമായിരുന്നു. അതേവർഷം മറ്റു പല വിഷയങ്ങളിലും പഠിച്ച് പാസായ വരെ ഇവിടെത്തന്നെ നിയമിച്ചെങ്കിലും ജോലിഭാരം കണക്കാക്കി ജൂണിയർ ലക്ചറർ തസ്തികയിലായിരുന്നു ഞങ്ങളുടെ നിയമനം. ഭാഗ്യംകൊണ്ടു കിട്ടിയ നേട്ടമായിരുന്നു ഇത്. എം.എ. പരീക്ഷയിൽ എന്നേക്കാൾ ഏതാനും മാർക്കിന് മുന്നിലായിരുന്നു ഇസ്താക്ക്. മാത്രമല്ല പ്രായത്തിന് ഏതാനും മാസത്തെ മൂപ്പുമുണ്ടായിരുന്നു. അക്കാര്യങ്ങൾ പരിഗണിച്ച് അദ്ദേഹത്തെ സീനിയറായും എന്നെ ജൂണിയറായും തിരഞ്ഞെടുത്ത് നിയമിച്ചു.

അദ്ധ്യാപകർ എന്ന നിലയിലും അതിനുമുമ്പ് ബിരുദാനന്തര ബിരുദ വിദ്യാർത്ഥികൾ എന്ന നിലയിലും ഞങ്ങൾ കുറേക്കാലം ഒരേ സ്ഥലത്ത് താമസിച്ചു; ഫുട്ബോൾകോർട്ടിന്റെ വടക്കേ അറ്റത്തുള്ള കല്ലുകളം കെട്ടിട ത്തിൽ. കോളേജ് വിലയ്ക്ക് വാങ്ങിയ സ്ഥലമാണത്. അവിടത്തെ സഹജീ വനം ഞങ്ങളുടെ ജീവിതത്തിന് ഉത്സാഹവും ആവേശവും പകർന്നു. ക്ലാസ്മുറിയിലും പുറത്തും കോളേജ് പ്രവർത്തനങ്ങളിലും സജീവമായി പങ്കെടുക്കാൻ കഴിഞ്ഞു. അക്കാലത്ത് അദ്ധ്യാപകരുടെ വലിയ കൂട്ടുകെട്ടു കൾ ഉണ്ടായി. സിനിമ, വിനോദസഞ്ചാരം, സാഹിത്യക്യാമ്പ് തുടങ്ങിയവയി ലൊക്കെ ഭ്രമമുള്ളവർ സംഘങ്ങളായി ഓടിനടന്ന കാലം. ഫിലിംക്ലബ് പോലെയുള്ള കൂട്ടുകെട്ടുകൾ ഊർജിതമായിരുന്ന കാലം. ചെറുപ്പക്കാരായ അദ്ധ്യാപകരുടെ ഒരു വൻനിരതന്നെ അക്കാലത്ത് കേരളത്തിൽ ഉണ്ടായി. കോളേജിലെ എക്സിബിഷൻ, കലോത്സവം, വിദ്യാർത്ഥി യൂണിയൻ പ്രവർത്തനം, അധ്യാപക യൂണിയൻ പ്രവർത്തനം, ആർട്സ് ക്ലബ്, നാഷ ണൽ സർവീസ് സ്കീം തുടങ്ങിയവയിൽ കുടുങ്ങി ഞങ്ങൾ ഒഴുകി നടന്ന കാലം. ക്രമേണ കുടുംബ ജീവിതത്തിലേക്ക് നീങ്ങിയതോടെ പലരും വീടു കളിലേക്ക് മാറിയെങ്കിലും ഇസ്താക്ക് സാർ സ്റ്റാഫ് ഹോസ്റ്റലിൽ തന്നെ

തുടർന്നു. ഇസ്താക്ക്സാറിന്റെ മുറി സാഹിത്യപ്രണയികളുടെയും ആദർശ വാദികളുടെയും താവളമായി മാറി. അയ്യപ്പപ്പണിക്കരും കടമ്മനിട്ടയും ചുള്ളിക്കാടുമെല്ലാം ഇസ്താക്കിന്റെ പ്രിയപ്പെട്ടവരായി കോളേജ് കാമ്പസി ലേക്ക് വന്നു. ഏതു പുതിയ ചലനത്തെയും ഒറ്റയ്ക്കുനിന്ന് വിശദീകരി ക്കാനും ന്യായീകരിക്കാനും ഇസ്താക്ക് സാർ ഒരുക്കം. സാമ്പ്രദായിക ഭാവു കത്വത്തിന്റെ വക്താക്കളുമായി ചിരികളിമട്ടിൽ അദ്ദേഹം പോരാടി.

പല കാര്യങ്ങളിലും ഇസ്താക്ക്സാറിനോട് തർക്കിക്കാനും വിയോജി ക്കാനും എനിക്ക് ഇടവന്നിട്ടുണ്ട്. അത് പകരംവീട്ടേണ്ട കാര്യങ്ങളായി ഞങ്ങൾക്ക് അനുഭവപ്പെട്ടില്ല. അതിന് മുഖ്യകാരണം ഇസ്താക്ക് സാറിന്റെ നിഷ്കളങ്കതയാണ്. സംവാദങ്ങൾ അറിയാനും അറിയിക്കാനുമാണ്, ആരെയും പരാജയപ്പെടുത്താനും മുറിവേൽപ്പിക്കാനുമല്ല എന്ന് ഇസ്താക്ക് എല്ലാവരെയും ഓർമ്മിപ്പിച്ചു. എസ്.ബി. കോളേജ് മലയാളവിഭാഗത്തിന്റെ പശിമ വർദ്ധിപ്പിച്ച സ്നേഹനിധിയായ അദ്ധ്യാപകനായിരുന്നു ഐ. ഇസ്താക്ക്.

ഐ. ഇസ്താക്ക് എന്ന പേര് അച്ചടിച്ച അനേകം പുസ്തകങ്ങൾ ഇല്ല. എന്നാൽ അദ്ദേഹത്തിന്റെ നാമമുദ്രയുള്ള അനേകം പ്രസിദ്ധീകരണങ്ങൾ ഉണ്ട്. നല്ല അദ്ധ്യാപകന്റെ മികച്ച പ്രസിദ്ധീകരണങ്ങൾ വിദ്യാർത്ഥികളാ ണ്. ഐ. ഇസ്താക്കിന്റെ ജീവിതവും വാക്കുകളും നിരന്തരം സംക്രമിപ്പി ക്കുന്ന ആയിരക്കണക്കിന് പൂർവവിദ്യാർത്ഥികളെ എനിക്കറിയാം. സമൂഹ ത്തിന്റെ വൈജ്ഞാനികതയും ജനാധിപത്യസംസ്കാരവും സ്നേഹോഷ്മ ളതയും രാഷ്ട്രീയവിവേകവും വളർത്താൻ ഇസ്താക്കിന്റെ വിദ്യാർത്ഥിക ളായിരുന്ന പ്രതിഭാശാലികൾക്ക് കഴിയട്ടെ.